# ദർപ്പണം



## ഡിജിററൽ മാഗസിൻ

## എ എസ് എം എം എച്ച് എസ് എസ് ആലത്തൂർ

## LITTLE KITES 2019-21

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ഫസ്ന

സബ് എഡിറ്റർ : റിസാന

എഡിറ്റേർസ് : ദൃശ്യ

സബീബ

ശിഫാന

പ്രജിത

സജ്ന

ആകാശ്

അർച്ചന

റഫീന

സഞ്ഞുദാസ്

ശിഖ

അതുല്യ

ലിബിക

# Alphabetical Index

## ഉള്ളടക്കം

# ആമുഖം

*സർഗാത്മക്തയുടെ പൂമൊട്ടുകൾ കോർത്തിണക്കികൊണ്ട് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു E MAGAZINE പ്രകാശിതമാവുകയാണ് വായനയും,എഴുത്തും സർഗാത്മകതയും ആസ്വാദനവും ഒന്നിച്ചു പ്രതിഫലക്കുന്ന രചനകളുടെ സമാഹാരമാണ് ഈ മാഗസിൻ . ജീവൻ തുടിക്കുന്ന ഇതിലെ ഓരോ താളുകളുംഓരോ അനുഭവമാണ് പകരുന്നത്,കുരുന്നു പ്രതിഭകളുടെ മനോദർഷണത്തിൽ പ്രതിബിംബിച്ച ഈ 'ദർഷണം ' നിങ്ങൾക്കായി സമർപ്പിക്കുന്നു . ഭാവനയുടെ ലോകത്തേക്ക് പിച്ചവയ്ക്കുന്നവർക്കും അറിവിന്റെ ആകാശം എത്തിപ്പിടിക്കാൻ ശ്രമിക്കുന്നവർക്കും പ്രചോദനമാകട്ടെ ഈ ഇ -മാഗസിൻ*

# സന്ദേശം

ഇന്നിന്റെ സന്തോഷവും
നാളെയുടെ വാഗ്ദാനങ്ങളുമായ
കുട്ടികളെ നിയന്ത്രിച്ചുകൊണ്ട് ഉയരങ്ങളിലേക്ക്
പറക്കാനുള്ള ഊർജ്ജമേകാൻ കഴിയട്ടെ.......




ഹെഡ്മിസ്ട്രസ്സ്

എം. ജയശ്രീ

# ASMMHSS ALATHUR






# എ.എസ്.എം.എം ന്റെ ചരിത്രത്തിലൂടെ ലിറ്റിൽ കൈറ്റ്സ്

1906 ൽ ആരംഭിച്ച നെല്ലിക്കലിടം ഹൈസ്ക്കൂൾ പിന്നീട്എ.എസ്.എം.എം.ഹൈസ്ക്കൂളും എ.എസ്.എം.എം ഹയർസെക്കന്ററിയുമായി വളർന്നു.കൂട്ടത്തിൽ ആരംഭിച്ച ടി.ടി.സി സ്കൂളിന്റെ തിലകക്കുറിയായി.'വിദ്യാഭ്യാസം ഒരു നഷ്ടകച്ചവടമായിരുന്നു. നെല്ലിക്കലിടം ഹൈസ്ക്കൂൾലേലത്തിനുവെച്ചപ്പോൾ ധനാഢ്യരും,വ്യവസായപ്രമുഖരുംപ്രമാണിമാരുമെല്ലാം മടിച്ചും,സ്ഥാപിത താൽപര്യം വെച്ച് ചുളുവിൽ സ്ഥലം തട്ടിയെടുക്കുന്ന നേരത്ത് സാമൂഹ്യപ്രവർത്തനം കൊണ്ടും അത്യധ്വാനം കൊണ്ടും ബീഡി പ്രവർത്തനത്തിന്റെ ഔന്നത്യത്തിലെത്തിയ സായ്‍വ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ശ്രീ.എ.എസ് മുഹമ്മദ്കുട്ടി സാഹിബ് രംഗപ്രവേശനം ചെയ്യുന്നത്.

വിദ്യാഭ്യാസ സ്ഥാപനം നടത്താൻ ബീഡിവ്യവസായിയായ മുഹമ്മദ്കുട്ടിക്ക് എന്താണ് യോഗ്യത? എന്ന ചോദ്യത്തിന് എൻ.ഇ.ഹൈസ്കൂളിലെ റിട്ടയേർഡ്അധ്യാപകൻ വിദ്വാൻ വി.എൻ.പരമേശ്വരൻ നമ്പൂതിരി പറഞ്ഞ മറുപടിയാണ് ഇത്തരുണത്തിലെനിക്ക് ഓർമ്മവരുന്നത്"“കാര്യശേഷിയറ്റ് ദുർനടപടിക്കാരനെന്ന ടൈറ്റിലും നേടി ജീവിതത്തിലേക്ക് കടന്നുവരുന്നതാണ് വിദ്യാഭ്യാസമെങ്കിൽ മുഹമ്മദ്കുട്ടി സാഹിബിന് വിദ്യാഭ്യാസം തീരെയില്ലെന്ന് സമ്മതിക്കാം. നേരേമറിച്ച്, വകതിരുവോടുകൂടി ഓരോ കാര്യവും ചെയ്തും ചെയ്യിച്ചും ജീവിതം വിജയപ്രദമാക്കിതീർത്തും നാടിനും വീട്ടിനും നേട്ടമുണ്ടാക്കുന്നതാണ് വിദ്യാഭ്യാസമെങ്കിൽ സകല എം.എ.കളും പാസായ ഒരുവൻ പോലും അദ്ദേഹത്തിന് സമാനനായി വരുന്നതല്ല. അദ്ദേഹം എപ്പോഴും പറയുമായിരുന്നു. 'കുട്ടിക്കാലത്ത് എനിക്ക് പഠിക്കുവാൻ കഴിഞ്ഞിരുന്നില്ല.എങ്കിലും വിദ്യാഭ്യാസത്തിന്റെ വില എനിക്കറിയാം.! അതുകൊണ്ട് എന്റെ കമ്പിനിയുടെ മുന്നിലുള്ള വിശിഷ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ അങ്ങിനെയും ഇങ്ങിനെയും നശിപ്പിച്ചുകളയുവാൻ ഞാനനുവദിക്കുകയില്ല. എന്തു വിലകൊടുത്തും ഞാനതു സംരക്ഷിക്കുന്നതാണ്"ഈ വാക്കുകളിൽ നമുക്ക് കാണാൻ കഴിയുന്നത് അദ്ദേഹത്തിന്റെസാമൂഹിക പ്രതിബദ്ധതയും വിശാലമനസ്കതയുമാണ്. അദ്ദേഹത്തിന്റെ ഇത്തരം വാക്കുകൾ ഇന്നത്തെ കുട്ടികൾക്ക് അറിവുണ്ടായിരുന്നില്ല. എങ്കിലും ഈ സന്ദർഭത്തിൽ കൈറ്റ്സ് ഈ വരികളെ ആവർത്തിക്കുന്നു.വിദ്യാർഥികളുടേയും അദ്ധ്യാപകരുടേയുംകൂട്ടായ പരിശ്രമത്തിലൂടെ എസ്.എസ്.എൽ.സി വിജയം , എൻ.സി.സി പ്രവർ

ത്തനം ,കലാമത്സരങ്ങൾ,എന്നീനിലകളിലും മികവ് തെളിയിച്ചു. അതിനുദാഹരണമായ എൻ. സി.സിയുടെ സാമൂഹ്യ പ്രവർത്തനങ്ങൾഏവർക്കും മാതൃകയാക്കാം.

## കൈററ് അംഗങ്ങൾ





# ഉപജില്ല കലോത്സവം 2019-20



# ഒ.എൻ.വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ് (ജനനം:27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു.


ആരറിയാൻ....?
SAJINI.M
3/10/2019

# വിദ്യാലയം പ്രതിഭകൾക്കൊപ്പം





# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

# ലിറ്റിൽ കൈറ്റ്സ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപര
മായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് ' എന്ന കു
ട്ടികളുടെ ഐ.ടി. കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു
വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ
വിദ്യാർഥിക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂ
ടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ
മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി,
ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള
അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രായോഗികപരിശീലനം
പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച്
പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്
വെയർ, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ് പബ്ലിഷിങ്ങും, ഇന്റർനെറ്റും സൈബർ സു
രക്ഷയും എന്നിങ്ങനെ വിവിധ
മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ,
മികവു പുലർത്തുന്നവർക്ക് സബ് ജില്ലാ, ജില്ലാ, സംസ്ഥാന തല ക്യാമ്പുകളിലായി കൂടു
തൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.
സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വളർത്തിയെടുക്ക
ുന്നതിന് നമുക്ക് സാധിക്കുന്നു.

## kites photos









# സ്വപ്നസഞ്ചാരിയായ കവി

രാവിലെയായി.........

വെളിച്ചം ഇരുട്ടിനെ മായ്ച്ചുകളയുന്ന തിരക്കിലാണ് ......... അമ്മപ്പക്ഷികൾ തന്റെ കുഞ്ഞുങ്ങൾക്ക് ഉമ്മ കൊടുത്ത് ജോലിക്ക് പോകാൻ നിൽക്കുന്നു..... കാക്കകൾ അമ്മമാരെ മുറ്റമടിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. പൂവൻകോഴി ഇതു വരെ എഴുന്നേറ്റിട്ടില്ല ! ഇന്നലെ അലാറം വെക്കാൻ മറന്നു എന്ന് തോന്നുന്നു. പക്ഷേ.....................

കവി ഇപ്പോഴും ഉറങ്ങുകയാണ് !............

കവിയെ ഉണർത്താൻ വന്ന കാറ്റിനെ തടഞ്ഞുവച്ചിരിക്കുകയാണ് റൂമിലെ ജനാലകൾ.

സൂര്യൻ കവിയെ കണ്ടിട്ട് കാലങ്ങളായി..........
കവി സ്വപ്നം കാണുകാണ്.......
കവി ഇപ്പോൾ കവിതാലോഗത്ത് ചുറ്റുകയാണ്, രണ്ടു ചിറകും വെച്ച് കവിതാലോകം കാണുകയാണ് .അതാ അങ്ങകലേ........ ഒരു കാട് തന്നെ ആകർഷിക്കുന്നു. കവി അങ്ങനെ ആ കാടിന്റെ മുന്നിൽ ഇറങ്ങത്തങ്ങി. കാട്ടിലേക്കുള്ള വഴി അത്ര ദീർഗമല്ല,അങ്ങനെ കവി കാട്ടിലേക്ക് പ്രവേശിച്ചതും ഒരു വലിയ മഴ പെയ്തു. മഴ നിന്നത ും മഴവില്ലും വന്നു. അത് കണ്ടതും കവി തന്റെ വർണമഷിപ്പേനയെടുത്ത് തന്റെ കൈ പുസ്തകത്തിൽ ,ഇങ്ങനെ എഴുതി; സങ്കടപ്പെടുന്ന ഭൂമിയേ ആകാശം മഴവില്ലു വരച്ച് രസിപ്പിച്ചു. അതു കണ്ടതും കവിക്ക് തന്നോടു തന്നെ ഒരു ഗമ തോന്നി.എന്നിട്ട് താൻ വലിയ കവിയാണ് എന്ന് വിചാരിച്ച് നെഞ്ചും വിടർത്തി നടന്നു. അങ്ങനെ താൻ കണ്ട ഓരോ അനുഭവത്തെയും കവിതയാക്കി തന്റെ പുസ്തകത്തിൽ എഴുതി.ഇനി ഈ ഗു ഹ കടന്നാൽ മതി. അപ്പുറത്ത് സ്വർഗ്ഗമാ...
അവിടെ പോയാൽ നിറച്ചു കവിതയും എഴുതാം എന്നു പറഞ്ഞു നടന്നു. ഗുഹയുടെ പകുതി വരെ എത്തി. ഇനി പോകണമെങ്കിൽ ഉരുണ്ട് പോണം .അത്ര ഇടുങ്ങിയതാ .അങ്ങനെ കവി ഉരുണ്ട് പോയതും പെട്ടന്ന് "പധോ" എന്ന് വീണു . അപ്പൊ തന്നെ ഉണർന്നു നോക്കുമ്പോൾ കവി കട്ടിലിനടിയിലാണ് .

ഉരുണ്ട് പോയപ്പോൾ കവിക്ക് അറഞ്ഞിരുന്നില്ല
താൻ കട്ടിലിൽ നിന്നും ശരിക്കും ഉരുഴുകയാണ് എന്ന് ...............
അപ്പോഴേക്കും ഉച്ചയായി...........
ജോലിക്കു പോയ അമ്മ പക്ഷി ഉച്ചയൂണിന് എത്തിയിരുന്നു. ഉറക്കത്തിൽ നിന്ന് ബാക്കി വന്ന കോട്ടു വായുവും വിട്ട് പല്ല് തേക്കാൻ ബ്രഷ് എടുത്തപ്പോഴാണ് കവിക്ക് ഓർമ വന്നത്, താൻ കണ്ട സ്വപ്നത്തിലെ കവിതയെ കുറിച്ച്. ബ്രഷ് അവിടെതന്നെ വച്ചിട്ട് തന്റെ റൂമിലേക്ക് ഓടി. എന്നിട്ട് തന്റെ പേനയുടെ മഷിതീരാറായി. പേജ് തീരാറായ ഡയറിയും എടുത്തെഴുതാൻ ഇരുന്നപ്പോഴാണ് കവിക്ക് ഓർമ വന്നത്. താൻ കണ്ട സ്വപ്നത്തിലെ കവിതയെല്ലാം മറന്നിരുന്നു. രണ്ടും കൽപ്പിച്ച് കവി പിന്നെയും കട്ടിലിൽ ഉറക്കത്തിലെത്തി, പക്ഷേ..................
കവി ഇപ്പോൾ നരകത്തിലാണ്.............................

BY
ABDHUL BHASITH 9.G

## പുഴ ബാക്കിവെച്ചത്.....

**തോരാത്ത ഓർമ്മകളും**
**ഉറങ്ങാത്ത സ്വപ്നങ്ങളും**
**മിഴിതോരാത്ത കണ്ണുനീരും**
**നൽകി പുഴ മടങ്ങുന്നു**

എന്നേക്കുമായി എന്ന വിശ്വാസത്തോടെ
സ്വപ്നങ്ങൾ തകർന്നടിഞ്ഞു
ഹൃദയവേദനകളും നൊമ്പരങ്ങളും
പേമാരിയായി പെയ്തിറങ്ങി
എന്നന്നേക്കുമായി പുഴ ബാക്കി
വെച്ചത് ഒരുപിടി ഓർമ്മകളും
നൊമ്പരങ്ങളും മൗനങ്ങളും മാത്രം

BY
swathi sudhakaran.6.E

# സ്മാർട്ട് അമ്മ

സമൂഹത്തിന്റെ ഓരോ തുറയിൽനിന്നും പലതരജീവിത സാഹചര്യങ്ങൾ അനുഭവിച്ചാണ് ഓരോ കുട്ടിയും സ്കൂളിലെത്തുന്നത്. ഓരോ കുട്ടിയേയും , അവന്റെ ജീവിതാവസ്ഥയേയും ഏറ്റവും തിരിച്ചറിഞ്ഞിരിക്കുക അവന്റെ അമ്മയായിരിക്കും. കേരളത്തിലെ ഓരോ ക്ലാസ് മുറിയിലും പുതിയതായി ഉൾചേർത്ത സാങ്കതിക സജ്ജീകരണങ്ങളെകുറിച്ചും അതിനനുസരിച്ച് പാഠപുസ്തകങ്ങളിലും പഠനവിനിമയത്തിലും വന്നിരിക്കുന്ന മാറ്റങ്ങളെ കുറിച്ചും ഏറ്റവും ബോധവതിയാകേണ്ടത് അമ്മ തന്നെയാണ്. ഇതുതിരിച്ചറിഞ്ഞാണ് ആതുനിക വിവരവിനിമയ സാങ്കേതങ്ങളെകുറിച്ചുള്ള ചില അറിവുകൾ അമ്മമാരിലേക്ക് എത്തിക്കുന്നതിന്നായി ലിറ്റിൽ കയിറ്റ്സ് ന്റെ സംവിധാനം നിർമിച്ചിരിക്കുന്നത്.വീടുകളിൽ മൊബയിൽ ഫോൺ ലഭ്യമാണെങ്കിൽ പാഠവ ുമായി ബന്ധപ്പെട്ട പഠനവിഭവങ്ങൾ പാഠപുസ്തകത്തിലെ QR_Code സ്കാൻ ചെയ്ത് കുട്ടികൾക്ക് കാണാനും പഠിക്കാനുമുള്ള അവസരം ഒുക്കിക്കൊടുക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടത്.

# വിക്ടേഴ്സ്

പരസ്യങ്ങളില്ലാതെ പൂർണമായും വിദ്യഭ്യാസ ആവശ്യങ്ങൾക്ക് വേണ്ടി പ്രക്ഷേപണം നടത്തുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ചാനലാണ് വിക്ടേഴ്സ്. ഇത് മൊബൈൽ ഫോണിൽ പ്രവർത്തിപ്പിക്കുന്നതിന്നായി മൊബൈൽ ആപ്പായും ലഭ്യമാണ്. വിക്ടേഴ്സ് ചാനലിന്റെ മൊബൈൽ ആപ്പ് പരിചയപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

# സമേതം

കേരളത്തിലെ ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ഗവർമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ്, തലങ്ങളിലുള്ള 15,441 വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങൾ, കുട്ടികളുടേയും

അധ്യാപകരുടേയും വിവരങ്ങൾ, സ്കൂളിന്റെ ചരിത്രം [സ്കൂൾവിക്കി], സ്ഥാന വിവരങ്ങൾ [ജി.പി.എസ്.] തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനമാണ് സമേതം പോർട്ടൽ.

# സഫലമീയാത്ര

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും, പോകും, മല്ലേ സഖീ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ; നീയെ-
ന്നണിയത്തുതന്നെ നിൽക്കൂ, ഇപ്പഴക്കൂ-
ടൊരു ചുമയ്ക്കടിയിടറിവീഴാം

പ്രണിതമാം കണ്ഠത്തിലിന്നു നോനിത്തിരി-
ക്കുരവുണ്ട് ,വളരെ നാലൾകൂടി
നേരിയ നിലാവിന്റെ പിന്നിലെയനന്തയയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയെരോർമ്മകൽ മാതിരി,

നിന്നു പിരയക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ,നീ തൊട്ടുനിൽക്കൂ
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരവിൽ പ്രണങ്ങലിൽ കുളിരു ചുറഞ്ഞും
കുഴയുമീ നാളുകലി, ലൊച്ചയുണ്ടാക്കാതെ

യാതിരവരുന്നേ പോന്നോ , സഖീ?
ആതിരവരുന്നേരമൊരുമിച്ചു കൈകൾ കോർ
ത്തെതിരേൽണം നമുക്കിക്കുറി വരുംകൊല്ല
മാരെന്നും, മെന്തെന്നു, മാർക്കറിയാം
എന്തു,നിൻമിഴിയിണ തുളുമ്പിയെന്നോ, സഖീ,
ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ

മിഴിനീച്ചവർപ്പുപൊടാതീ മധുപാവിന്റെ
മടിയോളം മോന്തുക;നേർത്ത നിലാവിന്റെ-
യടിയിൽ തെളിയുമിരുൾ നോക്കു
കിരുലിന്റെ കളിലെയോർമ്മകളെടുക്കുക

ഇവിടെയെന്തോർമ്മകളെന്നോ,
നെറുകയിലിരുട്ടേന്തിപ്പാറാവു നിൽക്കുമീ
തെരുവുവിളക്കുകൾക്കപ്പുറം
ബധിരമാം ബോധത്തിനപ്പുറം
ഓർമ്മകളൊന്നുമില്ലെന്നോം? ഒന്നുമില്ലെന്നോ?
പലനിറം കാച്ചിയ വളകളണിഞ്ഞുമഴിച്ചും,
പലമുഖം കൊണ്ടു നാം തമ്മിലെതിരേറ്റും
നൊന്തും പരസ്പരം നോവിച്ചും ,മുപ്പതി-
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്ത വഴികളിൽ
എത്രകൊഴുത്തചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ !
ഓർമകൾഉണ്ടായിരിക്കണം, ഒക്കെയും
വഴിയോരക്കാഴ്ചകളായ്
പിറകിലേക്കോടി മറഞ്ഞിരിക്കാം.
പാതിയിലേറെക്കടന്നുവല്ലോ,വഴി.

ഓർമകൾഉണ്ടായിരിക്കണം: അല്ലെങ്കിലാതിര
വരുന്നുവെന്നെങ്ങനെയറിഞ്ഞുനാം ?
ഇത്തിരിക്കൂടെനടന്നവവ,കിന്നാര-
മിത്തിരി പൊന്നവ,കണ്ണീരുറക്കെ-
ച്ചിരിച്ചി കവിളുതുടിച്ചവ,
ഏറെക്കരന്നു .കൺപോള കനത്തവ
കെട്ടപ്പുണർന്നു മുകർന്നവ,
കുത്തിപ്പിളർന്നു മുരീച്ചവ,കൊന്നവ,
മൊട്ടായിപ്പുഴുതിന്നു,പാതിവിടർന്നു

പെരുവഴിയിൽ ഞെട്ടറ്റടർന്ന് പതിച്ചവ,
വഴിപോക്കരിരുളിൽ ചവുട്ടിയരച്ചവ,
ഓരാതിരിക്കേച്ചവിട്ടടികളിൽപ്പുള-
ഞ്ഞുൽഫണമുയർന്നാടി നിന്നവ-ഒക്കെയും
ഒക്കെയുമോർമ്മകളായിരിക്കാം,
ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ.

ഏതാണ്ടൊരോർമ്മ വരുന്നുവോ?
ഓർത്താലുമോർക്കാതിരിന്നാലും,ആതിര-
യെത്തും , കടന്നു പോകുമീവഴി;
നാമീജനലിലൂടെതിരേൽക്കും, ഇപ്പഴയൊ,
രോർമകളോഴിഞ്ഞ താലം,തളർന്നൊട്ടു
വിറയാർന്നകൈകളിലേന്തി,യതിലൊറ്റ
മിഴിനീർ പതിക്കാതെ, മനമിടറാതെ
കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും ,തിരുവോണം വരും,പിന്നെ-
യോരോ തളിരിനും പൂ വരും,കായ് വരും,
അപ്പൊളാരെന്നുമെന്തന്നുംമാർക്കറിയാം? നമു-
ക്കിരപ്പാഴീയർദ്രയശ്ശാന്തരായ്,
സൗമ്യരായെതിരേൽക്കാം,
വരികസഖി,യരികത്തു ചേർന്നുനിൽക്കൂ:
പഴയൊരു മന്ത്രം സ്മരിക്കെ, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കണം;

ഹാ! സഫലമീയാത്ര.


(എൻ എൻ കക്കാട്)

BY
ATHULYA.B.K 9G

# പാലക്കാട് ജില്ല

പാലക്കാട് എന്ന പേരിൽ അറിയപ്പെടുന്ന ഒന്നിലധികം കാര്യങ്ങളുണ്ട്. ഇവയെകുറിച്ച് അറിയാൻ ദയവായി പാലക്കാട്[വിവക്ഷകൾ]കാണുക.കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്.ആ സ്ഥാനം പാലക്കാട് നഗരം 2006 ൽ ആണ് പാലക്കാടിന് ഏറ്റവ ും വലിയ ജില്ല എന്ന പദവി ലഭിച്ചത്. അതിനു മുമ്പ് ഇടുക്കി ജില്ലയായിരുന്നു കേരളത്തിലെ ഏറ്റവും വലിയ ജില്ല . ഇടുക്കി ജില്ലയിലെ കുട്ടൻപുഴ പഞ്ചായത്ത് എറണാകുളം ജില്ലയോട് ചേർന്നതോടെയാണ് ഇടുക്കി ജില്ലക്ക് ഒന്നാംസ്ഥാനം നഷ് ടപ്പെട്ടത്.

തെക്ക് തൃശ്ശൂർ , വടക്ക് മലപ്പുറം, കിഴക്ക് തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ല, പടിഞ്ഞാറ് മലപ്പുറവും തൃശ്ശൂർ എന്നിവയാണ് പ്രധാന സമീപ ജില്ലകൾ . ഭാരതപ്പു ഴയാണ് പ്രധാന നദി. ജില്ല മുഴുവൻ ഭാരതപ്പുഴയുടെ നദീതടപ്രദേശത്താണ് . പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർചുരമാണ്. ഈ ചുരത്തിന്റെ സാന്നിദ്ധ്യം മൂലം കേരളത്തിലെ ഇതര ജില്ലകളിൽ നിന്നും വ്യത്യസ്തമായി ഇവിടെ തമിഴ്നാട്ടിലേതുപോലെ വരണ്ട കാലാവസ്ഥയാണ് . കേരളപ്പിറവിക്ക് മുമ്പ് ഈ ജില്ല മദിരാശി പ്രസിഡൻസിയുടെ ഭാഗമായിരുന്നു.




**By**
**shiyas.s**

# നമ്മുടെ നാട് കേരളം

1956 നവംബർ 1 നാണ് കേരളം പിറവിയെടുത്തത് . ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാങ്ങൾ രൂപീകൃതമായതിന്റെ ഭാഗമായി കേരളം എന്ന സംസ്ഥാനവും നിലവിൽ വന്നു. അങ്ങനെ എല്ലാ വർഷവും നവംബർ 1 കേരളപ്പിറവിദിനമായി ആഘോഷിക്കുന്നു.

കേരളസംസ്ഥാനത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചു പല അഭിപ്രായങ്ങൾ പറഞ്ഞു വന്നു. മലകളും പുഴകളും വയലുകളും നിറഞ്ഞ അതിമനോഹരമായ നമ്മുടെ നാട് ജന്മം കൊണ്ടതിന്റെ പിന്നിൽ പരശുരാമനാണന്ന് പറയപ്പെടുന്നു. പരശുരാമൻ തന്റെ മഴു കടലിലേക്ക് വലിച്ചെറിഞ്ഞുവെന്നും മഴു ചെന്നു വീണഭാഗത്തെ കടൽ കരയായി തീർന്നുവെന്നുമാണ് ഐതിഹ്യം

കേരവൃക്ഷങ്ങൾ ധാരാളം നിറഞ്ഞു നിൽക്കുന്ന നാടായതിനാൽ "കേരംതിങ്ങ ുംനാട് കേരളം" എന്ന പേരുണ്ടായി എന്ന് ചിലർ അഭിപ്രായപ്പെടുന്നു. അളം എന്നാൽ കടൽതീരം എന്നാണർത്ഥം. ചേർ നിറഞ്ഞ അളം അഥവാ ചെളി നിറഞ്ഞ പ്രദേശം ചേരളം പിന്നീട് കേരളം എന്നായി മാറി എന്നും പറയുന്നു.

BY

ARCHANA.S 9G

# മുത്തശ്ശി

ഒരു കൊച്ചു വീട് ആ വീട്ടിൽ വയസ്സായ ഒരു മുത്തശ്ശിമാത്രം.മക്കളും ഉള്ള ആ മുത്തശ്ശി ഒറ്റയാകാൻ കാരണം.ആ മുത്തശ്ശിയുടെ സ്വത്തുക്കൾക്കുവേണ്ടി അമ്മയോട് വഴക്കിട്ടു പിരിഞ്ഞ നാലു മക്കൾ ശത്രുതയലാണ്.

ഇപ്പോൾ ആ മുത്തശ്ശി ഗ്രാമത്തിലുള്ള ജനങ്ങൾ പറയുന്ന ജോലി ചെയ്ത് കിട്ടുന്ന കാശുകൊണ്ട് ആ മുത്തശ്ശി ജീവിക്കുന്നു. ആ മുത്തശ്ശിയുടെ കാര്യം വല്ലാത്ത കഷ്ടത്തിലാണ്. ആ മുത്തശ്ശിയുടെ

പേരക്കുട്ടികൾക്ക് മുത്തശ്ശിയെ വളരെ അധികംഇഷ്ടമാണ് കാരണം.മുത്തശ്ശി അവർക്ക് കൊച്ചു കഥകളും കവിതകളും പറഞ്ഞുകൊടുക്കുമായിരുന്നു.പക്ഷെ ആ മുത്തശ്ശിയുടെ മക്കൾക്ക് അവരുടെ മക്കൾ മുത്തശ്ശിയോട് സംസാരിക്കുന്നതു പോലും ഇഷ്ടമല്ല.അങ്ങനെയിരിക്കെ ഒരു ദിവസം മുത്തശ്ശിയുടെ പേരക്കുട്ടികൾ സ്കൂളിലേക്ക് പോകുന്നതിനിടെ അവർ മുത്തശ്ശിയുടെ വീട്ടിലേക്ക് അച്ഛനും അമ്മയും അറിയാതെ എ ന്തിനാണ് എന്നെ കാണാൻ വന്നത് അപ്പോൾ അവർ മുത്തശ്ശിയോട് ചോദിച്ചു എന്തിനാണ് അച്ഛൻ മുത്തശ്ശിയുമായി വഴക്കിട്ടിരിക്കുന്നത്. മുത്തശ്ശി അവരോട് വഴക്കിട്ടത് എന്തിനാണ് എന്ന് ചോദിച്ചു അവർക്ക് കാര്യം മനസ്സിലായി .അവർ അച്ഛനോട് പറഞ്ഞു " അച്ഛാ, സ്വത്തിനായി സ്വന്തം അമ്മയേ ഉപേക്ഷിച്ചാ അച്ഛനോട്എനിക്ക് പുച്ചം തോന്നുന്നു.സ്വന്തം മകൾ അച്ചനോട് ഇങ്ങനെ പറഞ്ഞപ്പോൾ അച്ഛന്അമ്മയോട് ചെയ്ത ദുഷ്ടത്തരം മനസ്സിലായിഅങ്ങനെഅച്ഛഅമ്മയോട്ചെയ്തകാര്യങ്ങൾക്കെല്ലാം മാപ്പുപറഞ്ഞു.അങ്ങനെ അവർ സ്വതന്ത്രമായി സന്തോഷത്തോടെ ജീവിച്ചു.

BY

DEEPIKA 7D

# പുഴ

ഇപ്പോഴും
മുറിവുണങ്ങിയിട്ടില്ല
മാലിന്യം കൊണ്ടുണ്ടായ
കറ മറഞ്ഞിട്ടില്ല
കണ്ണീരിൽ വീണ ഉപ്പ്
ഇന്നും ഉതിവർന്നിട്ടില്ല
കുട്ടികളറിഞ്ഞ കല്ല്
തേഞ്ഞിട്ടില്ല
പുഴയെന്നും വേദനയുടെ
ഓളങ്ങളടിച്ച്
നിലവിളി മുഴക്കി

ഒഴുകുകയാണ്
ഈണമില്ലാതെ
പാടുന്ന കുയിലിനെ
പോലെ പുഴ
ഒഴുകുകയാണ്
എന്നിട്ടും
പുഴ ആഗ്രഹിക്കുന്നു
ഒരു പ്രളയം കൂടി

**BY**
**SWATHI SUDHAKARAN 6.E**

# ചിങ്ങമാസം

ചിങ്ങമാസം വരവായി. മലയാള വർഷം ആരംഭിക്കുന്നത് ചിങ്ങത്തിലൂടെയാണ് . മഴ ഒഴിഞ്ഞ് മാറി വെയിൽ പരന്ന് കൃഷിയുടെ ആരംഭം കുറിക്കുന്ന മാസം. ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ സംസ്കാരമാണ് നമ്മുടേത്. കേരളത്തിന്റെ സാംസ്കാരിക മുഖമുദ്ര കൃഷിയാണ്. കേരളത്തിലെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായത് കൃഷിയാണ്. എന്നാൽ ഇന്ന് കേരളത്തിലേക്ക് അരി വരെ ഇറക്കുമതിചെയ്യുന്നു. കയർ, നെല്ല്, കിഴങ്ങു വർഗ്ഗങ്ങൾ, വാണിജ്യവിളകൾ, എന്നിവക്ക് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയാണ് നമ്മുടേത്. തിരുമുറിയാതെ മഴ പെയ്തിരുന്ന കള്ള കർക്കിടകത്തിന്റെ ദുരിധങ്ങൾ മലയാളി മറക്കാൻ തുടങ്ങുന്ന ദിവസമാണ് ചിങ്ങം. കൊയ്തെടുത്ത നെല്ലുകൊണ്ട് പത്തായം നിറച്ചിരുന്ന പഴയകാലത്തിന്റെ ഗൃഹാതുരതയാണ് മലയാളികൾക്ക് ചിങ്ങമാസം. കൊല്ലവർഷത്തിലെ പ്രഥമ മാസമാണ് ചിങ്ങം. സൂര്യൻ ചിങ്ങം രാശിയിലൂടെ സഞ്ചരിക്കുന്ന സമയമാണ് ചിങ്ങം

# എന്റെ ദു:ഖം....

മണ്ണിനെ വിണ്ണാക്കുന്ന മക്കളെ കാണുന്നില്ല.
മക്കൾതൻ രോദനമോ കേൾക്കുന്നില്ല കഷ്ടം
ദുഃഖമാം സാമ്രാജ്യത്തിൽ അലഞ്ഞുതിരിയുന്ന
ദുഃഖിതരല്ലേ ഞങ്ങൾ കൂലിതൻ വേലക്കാരാം

കാലത്തുതൂമ്പയേന്തി മണ്ണിലേക്കിറങ്ങുന്ന
പാവങ്ങൾ വിയർത്തിട്ടും കൊടുക്കുന്നില്ല വില
വിപ്ലവ മുഴക്കുവാൻ കെൽപ്പില്ല വയറിന്റെ
ഉൾത്തടമുയർത്തുന്ന രോദനം മാത്രം കേൾക്കാം
ഭാവിതൻ യുവാക്കളിൽ നിത്യവും ഭഗവാന്റെ
കാരുണ്യക്കനിയൊന്നു വീഴ്ത്തുവാൻ കഴിഞ്ഞിരുന്നെങ്കിൽ പറവാനെളുതല്ല പതിനായിരങ്ങൾ
ഭക്തനെ കനിഞ്ഞെങ്കിൽ മുക്തിയൊന്നേകിയെങ്കിൽ
പറവാനെളുതല്ല പതിനായിരങ്ങൾ
ഭക്തിക്കു പാരവശ്യമേകും നിൻരൂപത്തെ ഞാൻ
എങ്കിലും നിന്നോടൊന്ന് എളുതായ് ഓതിടാം ഞാൻ
സ്മൃതിക്കുമോർമകളെ തകർത്തുകളയല്ലെ
ഇവിടെയെന്നോർമകൾ ഏറുന്നുപാരവശ്യം
എനിക്കു ചുറ്റും പണപ്പർവ്വതം തീർത്തിടുന്നു
പണത്താലവരെന്നെ വിലയ്ക്കുവാങ്ങിടുന്നു
ചുവന്ന കണ്ണുകളാലെന്നെ തുറിച്ചുനോക്കിടുന്നൂ
കരങ്ങൾ നീട്ടിടുന്നൂ ഞെരിച്ചുകൊല്ലാനായി
ഇവിടെ ഭഗവാന്റെ ജീവിതം ദുഃഖംമാത്രം.
കടാക്ഷംവേണം നിന്റെ എന്നിലേക്കെന്നുമായിഎനിക്കും ജീവിക്കണം
ജനിച്ചുപോയതല്ലോ...

## നുറുങ്ങു കവിതകൾ

**1.അലക്ക്**

കലക്കത്തു കുഞ്ചൻ

കളിക്കുന്നു നെഞ്ചിൽ

കലക്കുന്നു തുള്ളൽ

അലക്കുന്നു ചിത്തം

2.വരൾച്ച

കേരളം വരളുന്നൂ

കേരമില്ലാതാവുന്നൂ

കേവലമരാഷ്ട്രീയ

കേളികൊട്ടുയരുന്നു !

3.ഇല്ല സൗഹൃദം

തൊഴിത്തിൽക്കുത്താ-

ണേതരങ്ങിലും, കാണമാനില്ലൊ

രഴകുറ്റതാമുറ്റ

സൗഹൃദവായ്പിലൻ മേളം!

4.തുള്ളൽ

കപടരാഷ്ട്രീയത്തിൻ തുള്ളലിന്ന്

വികടകവിത്വത്തിൻ തുള്ളലിന്ന്

വനചരൻമാരുടെ തുള്ളലിന്ന്

വാളെടുത്തുള്ളോർതൻ തുള്ളലിന്ന്

കുതകാൽ വെട്ടുന്നോർതൻ തുള്ളലിന്ന്

കുടിലമനസ്സിന്റെ തുള്ളൻ

# Ladder of success

0% wan't
10% Ican't
20% I don't know
30% I wish I would
40% what is if?
50% I think I might
60% I might
70% I think I can
80% Ican
90% I will
**100% I did**



# MATHEMATICS

M - Miracle of nature

A - Art of arithmetic

T - Tools of knowledge

H - Habit of problem solving

E - Evaluation of civilization

M - Magic of numbers

A - Application of rules

T - Tools of knowledge

I - Ideas of intellect

C - Creativity of algebra

S - Science of learning

# AGRICULTURE REVOLUTION

Green revolution : Food production

white revolution : Milk production

Blue revolution : Fish production

Yellow revolution : Edible oil production

Silver revolution : Egg production

Pink revolution : Production of medicines

Rainbow: Agricultural sector

Black revolution : Petroleum products

Epiculture : Honey production

Seri culture : Silk industry

Horticulture : Flower cultivation

# യോഗാദിനത്തിൽ ലിററിൽകൈറ്റ്സ്



# camp photos





# ശ്രീ . പി കെ ബിജു എം പി അനുവദിച്ച സ്ക്കൂൾ ബസ്സിന്റെ ഫ്ളാഗ് ഓഫ്




STOP
A.S.M.M. HIGHER SECONDARY SCHOOL
SCHOOL BUS

# NCC

**എൻ.സി.സി അഥവാ നാഷ്ണൽ കേഡറ്റ് കോർപ്സ് എന്നത് ഇന്ത്യൻ മിലിറ്ററി കേഡറ്റ് കോർപ്സ് എൻ.സി.സിയുടെ H.Q ന്യൂഡൽഹിയിലാണ്. സ്കൂളുകളിൽ നിന്നും,കോളേജുകളിൽ നിന്നും കുട്ടികളെ പരിശീലിപ്പിച്ച് ഇന്ത്യയുടെ സംരക്ഷണത്തിനായി വാർത്തെടുക്കുന്നതാണ് എൻ.സി.സി**






# വിമുക്തി










# ഗുരുവന്ദനം

അറിവിൻ ചെപ്പുതുറന്നു
അലിവോടെന്നും ഗുരുനാഥൻ
അക്ഷരവിദ്യ പഠിപ്പിക്കുന്നു
നമ്മളെയെന്നും ഗുരുനാഥൻ!

സത്യത്തിൻ വഴിത്താരകളിൽ
നമ്മെ നയിപ്പുഗുരുനാഥൻ

നന്മകൾ നമ്മുടെയുള്ളിൽനിറപ്പൂ
നല്ലവനാകും ഗുരുനാഥൻ!

വിജയകിരീടം ചൂടിക്കുന്നു
നമ്മളെയെന്നും ഗുരുനാഥൻ

ഗുരുവിൻ വാക്കുകൾ കേട്ടീടേണം
ഗുരുവിനെ നമ്മൾ നമിക്കേണം!

by

c.p pallippuram

# കലാ കായികപ്രകിഭകൾ











# വരകളുടെ വർണജാലകങ്ങൾ



